കണക്കിലെടുത്തും സർക്കാർ എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഒരു ആയുർവേദ ഹോമിയോ ചികിത്സാസ്ഥാപനംകൂടി ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം 100 പുതിയ ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചതിൽ ആദ്യഘട്ടമായി 50 എണ്ണം തുടങ്ങാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 50 പുതിയ ഹോമിയോഡിസ്പെൻസറികളും ഈ വർഷം പുതുതായി അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജിൽ എക്സ്-റേ, സ്കാനിംഗ്, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

19 (*608) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക് ചുറ്റും നിരവധി സ്കാനിംഗ്, എക്സ്-റേ ലബോറട്ടറി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മിക്കതിലും മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് ഷെയറോ കമ്മീഷനോ ഉണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാൻ മെഡിക്കൽ കോളേജ് ആശുപത്രിരോഗികളെ നിർബന്ധിതരാക്കുന്ന സ്ഥിതിവിശേഷണത്തെപ്പറ്റി അന്വേഷിക്കുമോ ;

(ഡി) ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു രോഗികളെ സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇതിന് കൂട്ടുനിൽക്കുന്ന ഗവൺമെന്റ് ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ രോഗികളുടെ ക്രമാതീതമായ വർദ്ധനയെ തുടർന്ന് ലാബ് സൗകര്യങ്ങളും മറ്റും അപര്യാപ്തമായതിനാൽ ചിലപ്പോൾ രോഗികൾക്ക് പ്രൈവറ്റ് ലാബുകളെ ആശ്രയിക്കേണ്ടി വരാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധനലഭ്യതയും സ്ഥലസൗകര്യവും ലഭ്യമാക്കുന്ന മുറയ്ക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസ്.-ന്റെ കീഴിൽ ഒരു ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്. ഡി. സിയുടെ കീഴിൽ ഒരു ലബോറട്ടറി തുടങ്ങുവാൻ നടപടി പൂർത്തിയായി വരുന്നു.

(ഇ) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നും കയറ്റുമതി ചെയ്ത ചെടികൾ

20(*609) ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ പങ്കാളിത്തത്തോടെ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (റ്റി.ബി.ജി.ആർ.ഐ.) നടപ്പാക്കിയിട്ടുള്ള പദ്ധതികളനുസരിച്ച് എത്ര ഇനം ചെടികൾ കയറ്റി അയച്ചിട്ടുണ്ട്. അവയിൽ എത്ര തദ്ദേശീയ സസ്യങ്ങൾ ഉണ്ട് ;

(ബി) വിദേശ പങ്കാളിത്തത്തോടെ നടന്ന പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും ദുരൂഹത ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വീണ്ടും അത്തരത്തിലുള്ള ഒരു പദ്ധതി തുടങ്ങുവാൻ പരിപാടിയുണ്ടോ ; എങ്കിൽ അതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) റ്റി.ബി.ജി.ആർ.ഐ.-യ്ക്ക് ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുവാനുള്ള അധികാരം ഉണ്ടോ ; എന്ന് വിശദീകരിക്കുമോ ;

(ഇ) തദ്ദേശീയ സസ്യങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയച്ചതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) വിദേശ പങ്കാളിത്തത്തോടെ റ്റി.ബി.ജി.ആർ.ഐ. നടപ്പാക്കിയിട്ടുള്ള പദ്ധതികളനുസരിച്ച് ചെടികളൊന്നും കയറ്റി അയച്ചിട്ടില്ല.

(ബി) പദ്ധതികളുടെ നടത്തിപ്പിൽ ദുരൂഹത ഉള്ളതായി പരാതി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly